**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി 2011-12 ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ശ്രീ.പി.കെ.സനിൽകുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 209/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 25/01/2017

---

പരാമർശം :1. ഗ്രാമവികസന കമ്മീഷണറുടെ 21/12/2013 തീയതിയിലെ 26833/എസ്റ്റാഎ 2/13/സിആർഡി നമ്പർ കത്ത്.

2. സ.ഉ. (സാധ) നം. 1397/2015/തസ്വഭവ, തീയതി 12/05/2015.

3. ഗ്രാമവികസന കമ്മീഷണറുടെ 19/10/2016 ലെ 7661/2016/എ 2/സിആർഡി നമ്പർ കത്തും ശ്രീ.പി.കെ.സനിൽകുമാർ സർക്കാരിന് സമർപ്പിച്ച 09/08/2016 ലെ പുന:പരിശോധന ഹർജിയും.

**<u>ഉത്തരവ്</u>**

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഇന്ദിരാ ആവാസ് യോജന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് രണ്ടാം ഗഡുഫണ്ടിനായുള്ള പ്രൊപ്പോസൽ സമയബന്ധിതമായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് അയയ്ക്കുന്നതിൽ വീഴ്ച ഉണ്ടായതു കാരണം കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് രണ്ടാം ഗഡു കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നില്ലെന്നും കേന്ദ്രവിഹിതമായ 14.7 കോടി രൂപയും സംസ്ഥാന വിഹിതമായ 4.9 കോടി രൂപയുമുൾപ്പെടെ ആകെ 19.6 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെട്ടതായും ഇക്കാരണത്താൽ 4355 ബിപിഎൽ കുടുംബങ്ങൾക്ക് അർഹതപ്പെട്ട സൗജന്യഭവനങ്ങൾ നഷ്ടപ്പെട്ടതായും പദ്ധതി നടത്തിപ്പിലേയ്ക്കായി ആവശ്യത്തിന് ഉദ്യോഗസ്ഥരും ഫണ്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും സംഭവിച്ച ഈ വീഴ്ച പ്രോജക്ട് ഡയറക്ടർമാരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണെന്നും ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ പ്രോജക്ട് ഡയറക്ടർമാരായ ശ്രീ.കെ.ബി.ശിവദാസൻ (കോട്ടയം), ഡോ.പി.കെ.സനിൽകുമാർ (ഇടുക്കി), ശ്രീ.കെ.പി.വേണു ഗോപാൽ (വയനാട്) എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും ആയത് പരാമർശം (2) ലെ ഉത്തരവ് പ്രകാരം ശ്രീ.പി.കെ.സനിൽകുമാറിന്റെ രണ്ട്

വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്.

2) ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.പി.കെ.സനിൽകുമാർ സൂചന (3) പ്രകാരം സർക്കാരിന് പുന:പരിശോധനാ ഹർജി സമർപ്പിച്ചു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.കെ.സനിൽകുമാർ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ നിഷ്കർഷിക്കുന്ന സമയപരിധിയ്ക്കുള്ളിൽ പുന:പരിശോധനാ ഹർജി സമർപ്പിച്ചിട്ടില്ലാത്ത-തിനാൽ ടി ഹർജി നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ശ്രീ.പി.കെ.സനിൽകുമാർ,ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്സ്, പാലക്കാട് (ഗ്രാമവികസന കമ്മീണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.